

ഡോ. സ്കറിയാ സക്കറിയ

# ഫ്രാൻസീസ് പാപ്പായ്ക്ക് എന്താ കൊമ്പുണ്ടോ?

ലോകത്തിലെ നൂറ്റിയിരുപതു കോടിയലധികം കത്തോലിക്കരുടെ ആദ്ധ്യാത്മികനേതാവാണ് മാർപ്പാപ്പ എന്ന് ആദരപൂർവം വിളിക്കപ്പെടുന്ന പാപ്പാ. (മാർപ്പാപ്പയിലെ 'മാർ' ബഹുമാനസൂചകം. അതു കത്തോലിക്ക മലയാളവഴക്കം. ഇപ്പോൾ പൊതുവഴക്കം.) ബനഡിക്റ്റ് പതിനാറാമൻ എന്ന മാർപ്പാപ്പ ചരിത്രം സൃഷ്ടിച്ചുകൊണ്ട് രാജിവച്ചൊഴിഞ്ഞപ്പോഴാണ് അർജന്റീനക്കാരനായ കർദിനാൾ പുതിയ പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടത് (മാർച്ച്, 2013). പാരമ്പര്യം സുപ്രധാന ചാലകശക്തിയായി പരിഗണിക്കപ്പെടുന്ന കത്തോലിക്കസഭയിൽ പത്രോസിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട എഴുപത്താറുകാരനായ ഫ്രാൻസീസ് പാപ്പയ്ക്കു പല പുതുമകളുണ്ടായിരുന്നു. ഏറ്റവും കൂടുതൽ കത്തോലിക്കരുള്ള ഭൂഖണ്ഡമായ തെക്കേ അമേരിക്കയിൽനിന്നു മാർപ്പാപ്പയാകുന്ന പ്രഥമ വ്യക്തി, കത്തോലിക്കസഭയുടെ കഴിഞ്ഞ അഞ്ഞൂറു വർഷത്തെ ചരിത്രത്തിൽ നിർണായക പങ്കു വഹിച്ച ഈശോസഭ(Jesuits)യിൽനിന്നു മാർപ്പാപ്പയാകുന്ന പ്രഥമവ്യക്തി, പൈതൃകഭാഷ (heritage language) എന്ന നിലയിൽ ഇറ്റാലിയൻ ഭാഷ വശമാക്കിയ വ്യക്തി എന്നീ നിലകളിൽ തുടക്കത്തിൽതന്നെ ശ്രദ്ധേയനായി പുതിയ പാപ്പ. മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്കു സ്വന്തം ഔദ്യോഗികനാമം തെരഞ്ഞെടുക്കാം. പുതിയ മാർപ്പാപ്പ അങ്ങനെ തെരഞ്ഞെടുത്ത പേരാണ് ഫ്രാൻസീസ്. രാജിവച്ചൊഴിഞ്ഞ പോപ്പിന്റെ പഴയ പേര് റാറ്റ്സിങ്ങർ. മാർപ്പാപ്പയായപ്പോൾ പേരു മാറ്റി ബനഡിക്റ്റ് പതിനാറാമനായി.

പുതിയ പോപ്പ് സ്വീകരിച്ച പേര് കത്തോലിക്കസഭയിലും പുറത്തും കൗതുകവാർത്തയായി. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറ്റലിയിൽ പ്രഭുകുടുംബത്തിൽ ജനിച്ച് സമ്പത്തിന്റെ വഴിവിട്ട് ദാരിദ്ര്യവ്രതത്തിൽ ജീവിതം നയിച്ച ചരിത്രപുരുഷനാണ് ഫ്രാൻസീസ് അസ്സീസി (11811226). ഇന്നും ഇറ്റലിയിൽ സഞ്ചരിക്കുന്നവർ ഭക്ത്യാദരപൂർവം കടന്നുചെല്ലുന്ന സ്ഥലമാണ് ശാന്തി നിറഞ്ഞ അസ്സീസി. ഫ്രാൻസീസ് പുണ്യവാളൻ മലയാളികൾക്കു പല നിലകളിൽ സുപരിചിതനാണ്. ഏറ്റവും ഒടുവിൽ പ്രാഞ്ചിയേട്ടനിലൂടെ വിശുദ്ധിയുടെ പുതിയൊരു ഭാഷ്യമായി ഫ്രാൻസീസ് തരംഗം കേരളത്തിലുണ്ടായി. ഇന്നത്തെ നിലയിൽ ലോകം ഫ്രാൻസീസ് അസ്സീസിയെ ഉറ്റുനോക്കുന്നതു പരിസ്ഥിതിബോധത്തിന്റെ പുണ്യവാളൻ എന്ന നിലയിലാണ്. പരിസ്ഥിതിബോധത്തിന്റെ അടിസ്ഥാനമായ ലാളിത്യവും സമഭാവനയും സാഹോദര്യവും മിതത്വവും സമാധാനവും ഉദ്ഘോഷിക്കാനുള്ള വ്യഗ്രതകൊണ്ടാവണം പുതിയ പാപ്പ പതിവു വിട്ടു ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചത്. ഒരു വർഷത്തിനുള്ളിൽ ഫ്രാൻസീസ് പാപ്പ അപ്രതീക്ഷിതമായി പലതും ചെയ്തു. ഇരുപതാം നൂറ്റാണ്ടിൽ, ജനപ്രീതി നേടിയ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ (1958–1963) ടെലിവിഷന്റെ വളർച്ചയ്ക്കിടയിലാണ് ടെലിവിഷൻ ബിംബമായി ലോകമെങ്ങും സഞ്ചരിച്ചെത്തിയതെങ്കിൽ ഫ്രാൻസീസ് പാപ്പ നവസാമൂഹികമാധ്യമങ്ങളിലൂടെ താരമായി മാറുന്നുവെന്ന വിലയിരുത്തലുണ്ട്. ഏതായാലും ഇപ്പോൾ ലോകം വിസ്മയകരമായ ഇടപെടലുകൾ കാത്തു മാർപ്പാപ്പയെ ഉറ്റുനോക്കുന്നു. മാധ്യമങ്ങൾ ഫ്രാൻസീസ് മാർപ്പാപ്പയെ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും മത്സരിക്കയാണ്. അമിതപ്രതീക്ഷകൾ നിരാശയിൽ കലാശിക്കുമെന്നു പലരും പ്രവചിക്കുന്നു. രാജിവച്ചൊഴിഞ്ഞ ജർമൻകാരനായ ബനഡിക്റ്റ് പതിനാറാമൻ പണ്ഡിതനായിരുന്നു. കത്തോലിക്കസഭയുടെ ആസ്ഥാനമായ വത്തിക്കാനിൽ ശക്തനായ ഭരണാധികാരി എന്ന നിലയിൽ കത്തോലിക്കസഭയിലെ ആദരണീയരും പണ്ഡിതരുമായ സാഹസിക ചിന്തകരെ അമർച്ച ചെയ്ത വേദപ്രമാണി. ചിട്ടപ്പെട്ട ആരാധനാസമൂഹമായി കത്തോലിക്കസഭയെ വളർത്തിയെടുത്ത മതനായകൻ. ആരാധനക്രമങ്ങളും പള്ളിനടപടികളും പൈതൃകബോധത്തോടെ കാലോചിതമായി നവീകരിക്കണമെന്നു വാദിക്കുന്നവരും ഇവരും തമ്മിൽ ലോകമെങ്ങും സംഘർഷം നിലനിൽക്കുന്നു. അതിന്റെ തീപ്പൊരികൾ കേരള കത്തോലിക്കസഭയിലും ഉണ്ട്. ഫ്രാൻസീസ് മാർപ്പാപ്പയുടെ ഇതുവരെയുള്ള നടപടികൾ നോക്കിയാൽ ആരാധനക്രമകാര്യത്തിൽ മാറ്റത്തിന്റെയും ലാളിത്യത്തിന്റെയും പക്ഷത്താണ്. ആർഭാടവും പ്രകടനപരതയും അദ്ദേഹം ഉപേക്ഷിക്കുന്നു. കത്തോലിക്കസഭയുടെ പാരമ്പര്യത്തെ പരിഷ്കരിച്ച് പെസഹാവ്യാഴാഴ്ച രണ്ടു സ്ത്രീകളുടെ കാലുകൾ കഴുകിയത് ഓർമിക്കുക. ഇതൊന്നും ബനഡിക്ട് പാപ്പയുടെ മാതൃകയിലല്ല. കേരളത്തിലും ബനഡിക്ട് പാപ്പയ്ക്ക് ആരാധകർ കുറവല്ല. പള്ളി കേന്ദ്രീകരിച്ചുള്ള അനുഷ്ഠാനങ്ങളാണ് അവർക്കു പ്രധാനം. പഴയ ആചാരങ്ങൾ കണ്ടെടുക്കുകയോ കണ്ടുകിട്ടിയില്ലെങ്കിൽ ഭാവനയിലൂടെ നിർമിച്ചെടുക്കുകയോ ചെയ്യുന്നു ഇക്കൂട്ടർ. ബനഡിക്ട് പാപ്പയുടെയും ജോൺ പോൾ രണ്ടാമൻ പാപ്പയുടെയും കാലത്ത് ലത്തീനമേരിക്കയിൽ ഈശോസഭയുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരി, മെത്രാൻ, കർദിനാൾ എന്നീ നിലകളിൽ പ്രവർത്തിക്കുകയായിരുന്നു ഇപ്പോഴത്തെ മാർപ്പാപ്പ. അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ ഇരുവരും തമ്മിൽ വ്യത്യാസമില്ല. പിന്നെ എന്താണ് പാപ്പയെ താരപദവിയിലേക്ക് ഉയർത്തുന്നത്?

സന്മാർഗം, വിശ്വാസം തുടങ്ങിയവയെക്കുറിച്ചല്ല, പാരമ്പര്യത്തിന്റെ പേരിലുള്ള അനുഷ്ഠാനപരതയെക്കുറിച്ചാണ് മാനവികതാവാദികൾ കത്തോലിക്കസഭയെ വിമർശിക്കുന്നത്. കേന്ദ്രതത്ത്വങ്ങളെക്കുറിച്ചുള്ള വിവാദങ്ങൾ വിരളമാണ്. അധികാരത്തിന്റെ പടവുകളിലെ ഏറ്റുമുട്ടലുകളും അടവുനയങ്ങളും താൻപ്രമാണിത്തവും കത്തോലിക്കസഭയെ ജീർണതയുടെ പര്യായമായി കാണാൻ പലരെയും പ്രേരിപ്പിക്കുന്നു. മറ്റാർക്കും അവകാശപ്പെടാനാവാത്ത കത്തോലിക്കജീവിതത്തെക്കുറിച്ച് സംസാരിക്കുന്ന തീവ്രവാദികൾ സഭയിലുണ്ട്. അവരോടാണ് താൻ കത്തോലിക്കദൈവത്തെക്കുറിച്ചല്ല സംസാരിക്കുന്നതെന്ന് ഫ്രാൻസീസ് പാപ്പ പറഞ്ഞത്. ഇതു പലരേയും വിറളി പിടിപ്പിച്ചിരിക്കുന്നു. അവർ മാർപ്പാപ്പയെ 'അന്തിക്രിസ്തു' എന്നു വിളിക്കും. കേരളീയ മതപൈതൃകം തിരിച്ചറിഞ്ഞു വളർന്നവർക്ക് ഫ്രാൻസീസ് പാപ്പയുടെ വാക്കുകൾ സ്വാഭാവികമായി അനുഭവപ്പെടും. പാശ്ചാത്യദേശത്തെ ഏകാത്മകതയും മതസംസ്കാരവും ഇതേക്കുറിച്ചുള്ള കലാപങ്ങളും മലയാളിക്ക് അന്യമാണ്. മതവൈവിധ്യമാണ് കേരളം കൊണ്ടാടുന്നത്. ഫ്രാൻസീസ് പാപ്പയും അതുതന്നെ ചെയ്യുന്നു.

'അടച്ചിട്ട വാതിലുകളും ജനലുകളും തുറന്നു ശുദ്ധവായു കടത്തിവിടൂ' എന്നു സഭാധികാരികളോടു ആഹ്വാനംചെയ്തുകൊണ്ട് ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ അരനൂറ്റാണ്ടു മുമ്പ് വലിയ ചലനങ്ങൾ സഭയിൽ സൃഷ്ടിച്ചിരുന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പ്രാതിനിധ്യം നൽകി വിളിച്ചുകൂട്ടിയ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അമ്പതാം വാർഷികം ഇപ്പോൾ കത്തോലിക്കസഭ ആഘോഷിക്കയാണ്. കഴിഞ്ഞ അമ്പതു വർഷത്തിനിടയിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് തുറന്നുവിട്ട കൊടുങ്കാറ്റ് കുടത്തിലൊളിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു പല അധികാരകേന്ദ്രങ്ങളും. സഭ ഏകാഗ്രമായ ഒരു അധികാരശ്രേണിയാണെന്ന ധാരണ തിരുത്തിയെഴുതി 'സഭ ദൈവജനത്തിന്റെ കൂട്ടായ്മ' എന്ന മുദ്രാവാക്യം ഉയർത്തിയതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ശ്രദ്ധേയമായ നേട്ടം. സ്വാഭാവികമായും ഈ ആശയം അധികാരശ്രേണിയിലുള്ളവരെ വിറളിപിടിപ്പിച്ചു. മാത്രമല്ല പുതിയ സ്വാതന്ത്ര്യബോധവും സമത്വബോധവും ഒരു സംഘടന എന്ന നിലയിൽ കത്തോലിക്കസഭയുടെ കെട്ടുറപ്പിനെ ബാധിച്ചു. സംഘടനാതത്ത്വങ്ങൾ റദ്ദാക്കിക്കൊണ്ടുതന്നെ പലയിടത്തും ഇടപടലുകൾ ഉണ്ടായി. ഉദാഹരണത്തിനു ലത്തീനമേരിക്കയിൽ വിമോചനദൈവശാസ്ത്രം വളർന്നു വികസിച്ചു കൂറ്റൻ വിമോചനശക്തിയായി തീർന്നു. ഇത് അധികാരസ്ഥരെയും സമ്പന്നരെയും പ്രകോപിപ്പിച്ചു. ഭീകരമായ അടിച്ചമർത്തലുകൾ ഉണ്ടായി. പോളണ്ടിൽനിന്നു വന്ന് ജോൺ പോൾ രണ്ടാമൻ എന്ന പേരിൽ മാർപ്പാപ്പയായി ദീർഘകാലം കത്തോലിക്കസഭയെ നയിച്ച ചെറുപ്പക്കാരനായ മാർപ്പാപ്പ കമ്മ്യൂണിസത്തെ ഏറെ വെറുത്തിരുന്നു. റഷ്യയുടെ തകർച്ചയും പോളണ്ടിന്റെ മോചനവും കത്തോലിക്കസഭയിൽ നവയാഥാസ്ഥിതികത്വത്തിന്റെ തരംഗങ്ങളുളവാക്കി. അതിന്റെ ഭാഗമായി വിമോചനദൈവശാസ്ത്രക്കാർ വേട്ടയാടപ്പെട്ടു. പലരും മൗനത്തിന്റെ ചിതൽപ്പുറ്റിനുള്ളിലേക്ക് പിൻവാങ്ങി. മറ്റു ചിലർ കൊല്ലപ്പെട്ടു. ലത്തീനമേരിക്കയിൽ ഇക്കാലത്ത് സഭയുടെ നയങ്ങൾ വിശ്വസ്തതയോടെ നടപ്പിലാക്കുന്ന യുവാവായ സഭാധികാരിയായിരുന്നു ഇപ്പോഴത്തെ ഫ്രാൻസീസ് പാപ്പ. അന്നു താൻ ചെയ്തതെല്ലാം പൂർണമായും ശരിയാണെന്ന് ഇന്ന് അദ്ദേഹത്തിനു തോന്നുന്നില്ല. 'ഞാൻ പിഴയാളി' എന്നു പറയാൻ ഫ്രാൻസീസ്

പാപ്പയ്ക്കു മടിയില്ല. വീഴ്ചകളെക്കുറിച്ചുള്ള തിരിച്ചറിവും തിരുത്തി മുന്നോട്ടു പോകാനുള്ള സന്നദ്ധതയുമായി ഫ്രാൻസീസ് പാപ്പ മുന്നിട്ടിറങ്ങിയപ്പോൾ ലോകശ്രദ്ധ അങ്ങോട്ടു തിരിയുന്നു. മുമ്പു സൂചിപ്പിച്ചതു പോലെ വിവാഹമോചനം, സ്വവർഗരതി, വൈദികബ്രഹ്മചര്യം തുടങ്ങിയ കാര്യങ്ങളിൽ പാരമ്പര്യവാദിയാണ് ഫ്രാൻസീസ് പാപ്പ. ഇക്കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവരോടുള്ള മനോഭാവത്തിലാണ് ഫ്രാൻസീസ് പാപ്പ വ്യത്യസ്തനാകുന്നത്. ലോകത്തെ മുഴുവൻ വിധിക്കാനിരിക്കുന്ന ന്യായാധിപനല്ല, പടക്കളത്തിൽ മുറിവേറ്റവർക്കു രോഗീശുശ്രൂഷ നൽകുന്ന എളിയ പ്രവർത്തകനാണു താനെന്ന് ഫ്രാൻസീസ് പാപ്പ പറയുന്നു. ഈ വാക്കുകളിൽ തെളിഞ്ഞുനിൽക്കുന്ന എളിമയും സേവനസന്നദ്ധതയും സഹാനുഭൂതിയും സംവാദാത്മകതയും വർത്തമാനകാലം ഏറെ കൊതിക്കുന്നതാണ്. ദൈവനാമത്തിൽ മനുഷ്യരെ കലഹിപ്പിക്കുകയും പ്രകൃതിയെ കൊള്ളയടിക്കുകയും കമ്പോളത്തിൽ കൊള്ള നടത്തുകയും ചെയ്യുന്നവരുടെ ഭീകരവേഷങ്ങൾ ചുറ്റുപാടും കാണുകയും കേൾക്കുകയും ചെയ്യുന്ന സാധാരണ മലയാളിക്കു ഫ്രാൻസീസ് പാപ്പ കത്തോലിക്കസഭയുടെ പുതുമയാർന്ന മുഖമാണ്. സൗമ്യതയും ഉത്സാഹവും സർവോപരി കരുതലുമാണ് ഫ്രാൻസീസ് പാപ്പയുടെ വാക്കുകളിലും നടപടികളിലും. മതാധികാരത്താൽ അവഗണിക്കപ്പെട്ടവർ, ശപിക്കപ്പെട്ടവർ, നിന്ദിക്കപ്പെട്ടവർ എല്ലാവരും ഫ്രാൻസീസ് പാപ്പയിൽ പ്രത്യാശയുടെ വെളിച്ചം കാണുന്നു. ഇവരുടെ പ്രതീക്ഷകൾ നിറവേറുമോ? 'ഉവ്വ്' എന്നു പറയാൻ എനിക്കു ധൈര്യം പോരാ. ഏതായാലും ഇവരോടുള്ള സമീപനം കരുതലുള്ളതായില്ലെങ്കിൽ സഭയുടെ ധാർമികസൗധം ചീട്ടുകൊട്ടാരം പോലെ തകർന്നടിയുമെന്ന് ഫ്രാൻസീസ് പാപ്പ മുന്നറിയിപ്പു നൽകുന്നു.

കത്തോലിക്കസഭയുടെയും ലോകത്തിന്റെയും കെട്ടുപാടുകൾ കഴിഞ്ഞ ദശകങ്ങളിൽ ഏറെ മാറിയിരിക്കുന്നു. കമ്പോളശക്തികൾ എല്ലായിടത്തും ജാഗ്രതക്കണ്ണുകളുമായി നിലയുറപ്പിച്ചിരിക്കുന്നു. സ്വാശ്രയകോളജിലും പശ്ചിമഘട്ടസംരക്ഷണത്തിലും എല്ലാം വമ്പിച്ച സാമ്പത്തിക സാമൂഹിക ഘടകങ്ങളുണ്ട്. ഉപഭോഗവ്യഗ്രതയും ഹിംസയും ദുർഭാഷണവും അധികാരത്തിന്റെ മറപറ്റി കടന്നുവരികയാണ്. അതിന്റെ ഇരകളായ മതനേതാക്കൾ സ്വയം വേട്ടക്കാരായി മാറുന്നു. അതിന്റെ ഇരകൾ 'ജാലിയൻവാലാബാഗ് മാതൃക'യിലുള്ള സമരം താമരശ്ശേരിയിൽ ഉണ്ടാകുമെന്നു ഭീഷണിപ്പെടുത്തുന്നു. അവരാണ് ചോരക്കളം സൃഷ്ടിക്കാൻ വ്യഗ്രതപ്പെട്ട് ഇടുക്കിയിൽ പവ്വർഹൗസ് ഉപരോധിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നത്. ചരിത്രവിരുദ്ധതയും ചരിത്രവക്രീകരണവുമാണ് അവരുടെ യുദ്ധസാമഗ്രികൾ. സാധാരണ ജനങ്ങളെ വികാരം കൊള്ളിക്കാനുള്ള ഇന്ധനമാണവർക്കു മിഥ്യാചരിത്രം. അതു വിദ്വേഷക്കലിയാക്കി അവർ ഭരണകൂടത്തിന്റെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും നിസ്സഹായരായ പൗരന്മാരുടെയും നേർക്കു പ്രയോഗിക്കുന്നു. ഇത്തരം വിദ്വേഷാഗ്നി കാണുമ്പോൾ പോപ്പ് ഫ്രാൻസീസിന്റെ സമീപനത്തിനുള്ള പുതുമയും പ്രസക്തിയും വെളിവാകും.



വത്തിക്കാനിലെ ഭരണസിരാകേന്ദ്രം, വിശിഷ്യ സാമ്പത്തികവിഭാഗം ഏറെ കുപ്രസിദ്ധമാണ്. ദൈവനാമത്തിൽ എല്ലാം രഹസ്യമായി ചെയ്യുന്ന ഇക്കൂട്ടർ പകൽക്കൊള്ളയുടെയും അന്തർദേശീയ നിയമലംഘനത്തിന്റെയും ദ്രവ്യാർത്തിയുടെയും ഇടങ്ങളിലാണ് രാപ്പാർത്തിരുന്നത് എന്നു തിരിച്ചറിഞ്ഞിട്ടും അവരോട് ഏറ്റുമുട്ടാൻ മാർപ്പാപ്പമാർ തയ്യാറായില്ല. പോപ്പ് ഫ്രാൻസീസ് അധികാരമേറ്റതോടെ ഈ മാഫിയയെ നേരിട്ടു. പലരെയും പുറത്താക്കി. അഴിമതിയുടെ കാര്യങ്ങൾ വിശദമായി അന്വേഷിക്കാൻ കമ്മീഷനുകളെ നിയമിച്ചു. എല്ലാം രഹസ്യമാക്കി വയ്ക്കണം, വിശിഷ്യ സാമ്പത്തിക ഇടപാടുകൾ എന്ന നയം ചോദ്യം ചെയ്തതു നിസ്സാരകാര്യമല്ല. ചരിത്രം ആവശ്യപ്പെടുന്നതു സുതാര്യതയാണ്.

കത്തോലിക്കസഭയിലെ സാധാരണവിശ്വാസികളും സന്ന്യാസിനീ സന്ന്യാസികളും വൈദികരും ആഗ്രഹിക്കുന്നത് അതാണ്. കണക്കു ചോദിച്ചാൽ അഹിതമാകും, പാപമാകും എന്നു ഭയപ്പെട്ടു മൗനം പാലിക്കുന്നവരാണ് പലരും. വെളുത്ത പണത്തെക്കാൾ കറുത്ത പണമാണ് ഏറെ നേട്ടമുണ്ടാക്കുന്നത് എന്ന മിഥ്യയിൽ അകപ്പെട്ടവർ വളർച്ചവാദികളായി കറുത്ത ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിൽ സ്വാശ്രയവിദ്യാലയങ്ങൾ പെരുകിയതോടെ നിയമവിരുദ്ധമായി സമാഹരിക്കുന്ന പണം വിനിയോഗിക്കാൻ കറുത്ത ശൃംഖലകൾ ഏറെ വികസിച്ചിട്ടുണ്ട്. വത്തിക്കാൻ ബാങ്കിന്റെ ദുരനുഭവമെങ്കിലും ഇവരുടെ കണ്ണു തുറപ്പിച്ചിരുന്നെങ്കിൽ! കോടിക്കണക്കിനു രൂപയുടെ തട്ടിപ്പുകൾ പോലും ദുരഭിമാനത്തിന്റെ പേരിൽ മൂടിവച്ച് കുറ്റക്കാരായ വൈദികരെ സംരക്ഷിക്കുന്നവർ ഉദാരമായ ക്ഷമയുടെ മാതൃകയല്ല, അക്ഷന്തവ്യമായ കൃത്യവിലോപമാണു കാട്ടുന്നത്. ഫ്രാൻസീസ് പാപ്പയുടെ നടപടികൾ ഇക്കാര്യം വിളംബരം ചെയ്യുന്നു.

പോപ്പ് ഫ്രാൻസീസിന്റെ ലാളിത്യം, വേഷത്തിലും യാത്രയിലും ഭാഷയിലും പെരുമാറ്റത്തിലുമുള്ള സാഹോദര്യവും സമഭാവനയും ലോകജനതയിൽ കൗതുകമുണർത്തി. പാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു വത്തിക്കാൻ ഗ്യാലറിയിൽ പ്രത്യക്ഷപ്പെട്ട നിമിഷംതന്നെ വേഷത്തിലും ഭാഷയിലുമുള്ള ലാളിത്യം ലോകം ശ്രദ്ധിച്ചു. കിരീടംവെച്ചു രാജ

**ഭീഷണി നേരിട്ടു ശീലമുള്ളയാളാണ് ഫ്രാൻസീസ് പാപ്പ. പാപ്പായും സഭാധികാരവും മാറ്റങ്ങൾ വരുത്താൻ മടിക്കില്ല എന്നാണ് സൂചനകൾ. കാത്തിരുന്നു കാണാം.**

കീയപ്രൗഢിയോടെ സംസാരിക്കുന്ന പ്രകടനപരത ഉപേക്ഷിച്ചു സാധാരണമനുഷ്യരെപ്പോലെ പെരുമാറി. താമസം വത്തിക്കാൻ കൊട്ടാരം വിട്ട് അതിഥിമുറിയിൽ. റോമിലെ സഞ്ചാരത്തിന് ആഡംബരകാറുകൾ ഉപയോഗിക്കാതെ പൊതുവാഹനങ്ങൾ. കോടികൾ വിലയുള്ള കാറുകളിൽ സഞ്ചരിക്കുന്ന കത്തോലിക്ക മെത്രാന്മാർ കേരളത്തിൽ വിരളമല്ല എന്ന് ഓർക്കുമ്പോഴാണ് പോപ്പ് ഫ്രാൻസീസിന്റെ അനന്യത വെളിവാകുന്നത്. ജർമനിയിലെ ഒരു കത്തോലിക്കമെത്രാനെ ആഡംബരപ്രകടനത്തിന്റെ പേരിൽ സ്ഥാനഭ്രഷ്ടനാക്കിയത് ഇക്കാര്യത്തിൽ പോപ്പിനുള്ള ദൃഢനിശ്ചയം വെളിവാക്കുന്നു. സ്ഥാനാരോഹണവേളയിൽ അനുസരണം വാഗ്ദാനം ചെയ്യാൻ കർദിനാളന്മാർ എത്തിയപ്പോൾ പാരമ്പര്യം ലംഘിച്ച് എഴുന്നേറ്റുനിന്നാണ് പുതിയ മാർപ്പാപ്പ അവരെ സ്വീകരിച്ചത്. ഇത്തരം നടപടികൾ പ്രതീകാത്മകമാണ്. പെട്ടെന്നു ലോകം മുഴുവൻ കത്തോലിക്കർ മാർപ്പാപ്പയെ അനുകരിക്കുമെന്നു കരുതേണ്ട.

പുറമേനിന്നു നോക്കുന്നവർക്ക് കത്തോലിക്കസഭയിൽ ഏകശാസനാധികാരമാണ് എന്നു തോന്നാം. യഥാർഥത്തിൽ കത്തോലിക്കസഭയിൽ വിവിധ അധികാരകേന്ദ്രങ്ങളുണ്ട്. വിവിധ രൂപതകൾ, സന്ന്യാസസഭകൾ, പ്രാദേശിക മെത്രാൻസംഘങ്ങൾ എല്ലാം ചേർന്നു വൈവിധ്യപൂർണമാണ് കത്തോലിക്കസഭ. അതുകൊണ്ടുതന്നെ മാർപ്പാപ്പയോടു വിശ്വസ്തത പ്രഖ്യാപിച്ചുകൊണ്ടുതന്നെ തന്നിഷ്ടപ്രകാരം കുറേ ദൂരം സഞ്ചരിക്കാൻ കഴിയും. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ശ്രേണീകൃതശൃംഖലയും മാനേജ്മെന്റ് തന്ത്രങ്ങളും കണ്ണികൾക്ക് നല്ല ബലം നൽകുന്നുണ്ട്. കഴിഞ്ഞ ഏതാനും ദശകങ്ങളായി അധികാരസ്ഥാനങ്ങളിൽ നിയോഗിക്കപ്പെട്ടവരിൽ നല്ലൊരുഭാഗം കമ്മ്യൂണിസ്റ്റു വിരുദ്ധതപോലെയുള്ള നിഷേധമൂല്യങ്ങളുടെ പേരിൽ നവയാഥാസ്ഥിതികത്വത്തിന്റെ മതിപ്പു നേടിയാണ് അധികാരത്തിലെത്തിയത് എന്ന കാര്യവും മറക്കരുത്. വടക്കേ അമേരിക്ക, തെക്കേ അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ നിയമനങ്ങളിൽ യാഥാസ്ഥിതികർ മേൽക്കോയ്മ നേടിയിരിക്കുന്നു. അതുകൊണ്ടു ദ്രുതഗതിയിൽ മാറ്റങ്ങൾ അടിത്തട്ടിൽ എത്തുകയില്ല. കേരളത്തിൽ ഭരണകൂടവും ജനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും മതസമുദായനേതാക്കന്മാരെ കണ്ണുമടച്ചു അനുസരിച്ചുകൊള്ളണം എന്ന സാമാന്യബുദ്ധി വളരുകയാണ്. മതനേതാക്കൾ ഇടഞ്ഞാൽ ഇടയലേഖനമിറങ്ങും. കലാപമുണ്ടാകും. കത്തിയെരിയും. ഭരണകർത്താക്കളും ജനപ്രതിനിധികളും നിസ്സഹായരായി മതസമുദായനേതാക്കളുടെ കൂടാരങ്ങളിലേക്കു നെട്ടോട്ടമോടും. ഇതു കണ്ടു മതസമുദായനേതാക്കൾ വീണ്ടും വീണ്ടും പൗരസമൂഹത്തിന്റെ ന്യായമായ അവകാശങ്ങൾ കവർന്നെടുക്കുന്നു. ഇതല്ല പോപ്പ് ഫ്രാൻസീസിന്റെ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മാതൃക. അർജന്റീനയിൽ വിയോജിപ്പുള്ള ഭരണകൂടവുമായി സംവാദത്തിൽ ഏർപ്പെടാൻ അദ്ദേഹം നിരന്തരം ശ്രമിച്ചിരുന്നു. മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ശേഷമാണ് അർജന്റീനയിലെ പ്രസിഡണ്ടുമായി ആദ്യകൂടിക്കാഴ്ച നടന്നതെന്ന കാര്യം മറക്കുന്നില്ല. വിവിധ മതസമൂഹങ്ങളോടുള്ള സംവാദം സുപ്രധാനമാണെന്നു പുതിയ പാപ്പ തിരിച്ചറിയുന്നു. ഉള്ളതു പറയട്ടെ, സാധാരണനിലയിൽ, മാർപ്പാപ്പ പറയുന്നതും ചെയ്യുന്നതും ഗൗനിക്കാൻ ഒരുമ്പെടാതിരുന്ന വലിയൊരു വിഭാഗം - അന്യമതസ്തർ, മതവിരുദ്ധർ, മാധ്യമനിരൂപകർ, വിവാഹമോചിതർ, യുവജനങ്ങൾ തുടങ്ങിയവർ ഇപ്പോൾ പോപ്പിന്റെ വാക്കുകൾക്കു കാതോർക്കുന്നു. ടൈം വാരിക കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ നാലഞ്ചു പ്രാവശ്യം പോപ്പ് ഫ്രാൻസീസിനെ മുഖചിത്രമാക്കി. 'ജനങ്ങളുടെ പാപ്പാ' (The People's Pope) എന്നായിരുന്നു ഒരു മുഖചിത്രത്തിന്റെ അടിക്കുറിപ്പ്. ഇന്റർനെറ്റിൽ വ്യാപകമായി പ്രചരിച്ച പോപ്പിന്റെ ഒരു ചിത്രം ഓർമിക്കുന്നു. വത്തിക്കാനിൽ ജനക്കൂട്ടത്തിനിടയിൽ യുവജനങ്ങളുമായി പാപ്പ രസിച്ചു സംസാരിക്കുന്നു. ആ രംഗം ഒരാൾ സ്മാർട് ഫോൺ ഉപയോഗിച്ചു പകർത്തി. സ്മാർട്ട്ഫോണിൽ സ്വന്തം ചിത്രം എടുക്കാനുള്ള സെൽഫി (Selfie) സങ്കേതം ഉപയോഗിച്ചാണ് ഫോട്ടോ എടുക്കുന്നത്. പുതിയ സെൽഫി ഫോണിന്റെ പുതുമ രസിച്ചു നിൽക്കുന്ന പോപ്പ് ഫ്രാൻസീസിന്റെ ചിത്രം ലോകമെങ്ങും വ്യാപിച്ചു. യുവജനസംസ്കാരത്തോടും നവീന സാങ്കേതികവിദ്യയോടും മതനായകൻ പ്രകടമാക്കുന്ന കൗതുകം ഏറെ ചർച്ച ചെയ്യപ്പെട്ടു. തുടർന്ന് '2013-ലെ ഇംഗ്ലീഷ് വാക്ക്' എന്ന ബഹുമതി ഓക്സ്ഫർഡ് നിഘണ്ടു സെൽഫിക്കു നൽകി.

മേൽപറഞ്ഞ കാര്യങ്ങളെല്ലാം സൂചിപ്പിക്കുന്നതു പോപ്പ് ആധുനിക മാധ്യമശൃംഖലയിൽ ഒരു താരമായി മാറിയിരിക്കുന്നു എന്നാണ്. മറ്റൊരു മാർപ്പാപ്പയ്ക്കും ലഭിക്കാത്ത വൈവിധ്യപൂർണമായ സദസ്സാണ് അദ്ദേഹത്തിനു ലഭിച്ചിരിക്കുന്നത്. അവരെ തൃപ്തിപ്പെടുത്താനും കൂടെ കൊണ്ടുപോകാനും അദ്ദേഹം ഏറെ യത്നിക്കേണ്ടിവരും. കത്തോലിക്കരിൽ യാഥാസ്ഥിതിക വിഭാഗങ്ങൾ കേരളമടക്കമുള്ള നാടുകളിൽ നുണപ്രചാരണങ്ങളിൽ തുടങ്ങി പ്രതിരോധം വളർത്തുകയാണ്. അവർ ചോദിക്കുന്നു: ഫ്രാൻസീസ് പാപ്പായ്ക്ക് എന്താ കൊമ്പുണ്ടോ? ഇക്കൂട്ടരുടെ ഭാവം കണ്ട് പരിഭ്രമിച്ചാകണം മലയാളത്തിലെ അച്ചടി ഇലക്ട്രോണിക് മാധ്യമങ്ങൾ ഫ്രാൻസീസ് പാപ്പയെക്കുറിച്ചുള്ള കൗതുക വാർത്തകൾ തമസ്കരിക്കുന്നത്. അവർ ആരെയാണു പേടിക്കുന്നത്? അവരും രാഷ്ട്രീയക്കാരെപ്പോലെ മതഭീഷണിയുടെ നിഴലിലാണോ?

ഭീഷണി നേരിട്ടു ശീലമുള്ളയാളാണ് ഫ്രാൻസീസ് പാപ്പ. പാപ്പായും സഭാധികാരവും മാറ്റങ്ങൾ വരുത്താൻ മടിക്കില്ല എന്നാണ് സൂചനകൾ. കാത്തിരുന്നു കാണാം. മാറ്റങ്ങൾ ഉണ്ടാകും എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. കാരണം എന്തെന്നോ? യാഥാസ്ഥിതിക സംവിധാനം നാമനിർദേശം ചെയ്ത് അധികാരസ്ഥാനത്തു കൊണ്ടുവന്ന കർദിനാളന്മാരാണ് ഈ പോപ്പിനെ വോട്ടു ചെയ്തു അധികാരത്തിൽ കൊണ്ടുവന്നത്. അതിനർഥം, ഭാവനാത്മകമായ ഈ ഫലിതോക്തിയിലുണ്ട്: 'വല്ലപ്പോഴുമെങ്കിലും പരിശുദ്ധാത്മാവ് (Holy Ghost) സഭയിൽ സന്ദർശനം നടത്താറുണ്ട്'. കത്തോലിക്ക വിജ്ഞാനമനുസരിച്ചു ബോധജ്ഞാനത്തിന്റെ ഉറവിടമാണ് ത്രിയേകദൈവത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവ്.